## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 358 08.02.2016-ൽ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പാക്കേജ്

**ചോദ്യം**

ശ്രീ. വി.റ്റി. ബൽറാം :
" പി.എ. മാധവൻ :
" വി.ഡി. സതീശൻ :
" എം.എ. വാഹീദ് :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് പുനരുദ്ധരിച്ച് ലാഭത്തിലേയ്ക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുകയും സർക്കാർ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാക്കേജിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കി വരികയാണ്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | KTDFC-യിൽ നിന്നും കുറഞ്ഞ തിരിച്ചടവ് കാലയളവിലും കൂടിയ പലിശ നിരക്കിലും KSRTC എടുത്തിട്ടുള്ള 1300 കോടി രൂപയുടെ വായ്പ മറ്റ് ബാങ്കുകളിലേയ്ക്ക് മാറ്റുക, KSRTC-യുടെ ആസ്തിമൂല്യം പുനർ നിർണ്ണയിച്ച് ആസ്തി വിപണിമൂല്യം വർദ്ധിപ്പിക്കുക, പെൻഷൻ ബാധ്യതയ്ക്ക് ശാശ്വത പരിഹാരം കണ്ടെത്തുക, 2008-09 മുതൽ 2013-14 വരെ KSRTC-യ്ക്ക് സർക്കാർ അനുവദിച്ച വായ്പ സർക്കാരിന്റെ മൂലധനമാക്കി മാറ്റുക, ലാഭകരമല്ലാത്ത റൂട്ടുകൾ പുനഃക്രമീകരിച്ച് ലാഭകരമാക്കുക തുടങ്ങിയ ഉദ്ദേശ ലക്ഷ്യങ്ങളാണ് പുനരുദ്ധാരണ പാക്കേജ് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | ഇതു നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നു വിശദമാക്കുമോ? | (സി) | KTDFC-യിൽ നിന്നും കുറഞ്ഞ തിരിച്ചടവ് കാലയളവിലും കൂടിയ പലിശ നിരക്കിലും KSRTC എടുത്തിട്ടുള്ള 1300 കോടി രൂപയുടെ |

വായ്പ മറ്റ് ബാങ്കുകളിലെ കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പയാക്കി മാറ്റുന്നതിന് M/s SBI CAPITAL MARKETS Ltd.നെ ഉപദേശക സ്ഥാപനമായി നിയോഗിക്കുകയും ടി സ്ഥാപനം പൊതുമേഖലാ ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് വായ്പ ലഭ്യമാക്കുന്നതിനായി KSRTC-യെ സംബന്ധിച്ച് Financial Information Memorandum തയ്യാറാക്കി വിവിധ ബാങ്കുകൾക്ക് സമർപ്പിക്കുകയുമുണ്ടായി. ഒൻപത് പൊതുമേഖലാ/വാണിജ്യ ബാങ്കുകൾ, കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും എടുത്ത വായ്പ തിരിച്ചടവിനായി 1300 കോടി രൂപ അനുവദിച്ചു. ഇത്തരത്തിൽ കെ.ടി.ഡി.എഫ്.സി.യിൽ നിന്നുള്ള വായ്പാ ബാദ്ധ്യത പൂർണ്ണമായി മറ്റ് ബാങ്കുകൾ ഏറ്റെടുത്തത് വഴി KSRTCയ്ക്ക് പ്രതിമാസ വായ്പാ തിരിച്ചടവ് ഇനത്തിൽ 35 കോടിയിൽപരം രൂപ ലാഭിക്കാൻ കഴിയുന്നതാണ്.

2015 ഏപ്രിൽ മാസം മുതൽ KSRTC-യിലെ പെൻഷൻ വിതരണം കൃത്യമായി നടത്തുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേയ്ക്ക് പ്രതിമാസം KSRTC നിക്ഷേപിക്കുന്നതിന് തത്തുല്യമായ തുക (20 കോടി രൂപയിൽ അധികരിക്കാതെ) സർക്കാർ നോൺ-പ്ലാൻ വിഹിതമായി അനുവദിക്കാമെന്ന് തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം 2015 ഏപ്രിൽ മാസം മുതലുള്ള പെൻഷൻ തുക കൃത്യമായി വിതരണം ചെയ്ത് വരികയാണ്. പെൻഷൻ ഫണ്ട് രൂപീകരിച്ചത് വഴി KSRTC-യ്ക്ക് പെൻഷൻ ചെലവിനത്തിൽ 20 കോടി രൂപ ലാഭിക്കാൻ കഴിയുകയുണ്ടായി. പെൻഷൻ ഫണ്ടിലേയ്ക്കുള്ള കോർപ്പറേഷന്റെ വിഹിതമായ തുക കണ്ടെത്തുന്നതിന് യാത്രക്കാർക്ക് അപകട

ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും യാത്രക്കാർക്ക് വേണ്ടി ഡിപ്പോകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും 15 രൂപയ്ക്ക് മുകളിൽ ടിക്കറ്റ് നിരക്കിൽ യാത്ര ചെയ്യുന്ന യാത്രികരിൽ നിന്നും നിശ്ചിത സ്ലാബ് നിരക്കിൽ Social Security Cess ഇനത്തിൽ തുക 2015 ഏപ്രിൽ 1 മുതൽ ഈടാക്കുന്നതിന് അനുമതി നൽകി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ Cess തുക ഈടാക്കുന്നതു വഴി പ്രതിമാസം KSRTC-യ്ക്ക് 6 കോടിയിൽപരം രൂപ അധികമായി ലഭ്യമാകുന്നുണ്ട്. KSRTC -യുടെ ആസ്തികളുടെ വിപണിമൂല്യം വർദ്ധിപ്പിക്കുന്നതിനായി M/s Varma & Varma, Chartered Accountants എന്ന സ്ഥാപനത്തെ നിയോഗിച്ച് ആസ്തിമൂല്യം പുനർനിർണ്ണയിക്കുകയുണ്ടായി.

2008-09 മുതൽ 2013-14 വരെ സർക്കാർ KSRTC-യ്ക്ക് അനുവദിച്ച് നൽകിയ ആകെ വായ്പാ തുകയായ 1090.75 കോടി രൂപ സർക്കാരിന്റെ മൂലധന നിക്ഷേപമാക്കി മാറ്റുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ വരുമാനം കുറഞ്ഞ 1900 സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയിട്ടുണ്ട്. സമയബന്ധിതമായി പുതിയ ബസുകൾ നിരത്തിലിറക്കി വരുമാനം വർദ്ധിപ്പിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ